# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 350 24/06/2014 - ൽ മറുപടിയ്ക്ക്

## ആദിവാസി വികസനത്തിനായി അനുവദിക്കുന്ന തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | ആദിവാസി വികസനത്തിനായി അനുവദിക്കുന്ന തുക ഉപയോഗിച്ച് ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ എത്ര ശതമാനം ആദിവാസികൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും പട്ടികവർഗ്ഗക്കാർക്ക് തന്നെയാണ് ലഭിക്കുന്നത്. പദ്ധതി നിർവ്വഹണം വിവിധ തലങ്ങളിൽ വിലയിരുത്തി അവയുടെ പ്രയോജനം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | ഇടമലക്കുടി ആദിവാസി മേഖലയിൽ ചെലവഴിച്ച തുകയിൽ ചെറിയ ശതമാനം പോലും ആദിവാസികൾക്ക് പ്രയോജനകരമായില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ; | (ബി) | ഇടമലക്കുടി പാക്കേജിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് വനം വകുപ്പിന് കീഴിലുള്ള സംസ്ഥാന ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. ഇവയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ആദിവാസികളുടെ സംരക്ഷണത്തിനും വികസന പ്രവർത്തനത്തിനും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ചെലവിടുന്ന തുക ആദിവാസികൾക്ക് തന്നെ പ്രയോജനപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗക്കാരുടെ സംരക്ഷണത്തിനും വികസന പ്രവർത്തനത്തിനും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾക്ക് ചെലവഴിക്കുന്ന തുക പട്ടികവർഗ്ഗക്കാർക്ക് തന്നെ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നുണ്ട്. പട്ടികവർഗ്ഗ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബഹു.എം.എൽ.എമാർ മറ്റ് ജന പ്രതിനിധികൾ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി അവലോകനം നടത്തി വരുന്നു. സംസ്ഥാന തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ജില്ലാ ഓഫീസർമാരുടെ യോഗം മാസം തോറും ചേർന്ന് നടത്തി പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ വകുപ്പ് മന്ത്രി പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ സംസ്ഥാന തലത്തിൽ അവലോകന യോഗങ്ങളും നടത്തുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ അവലോകനം നടത്തി വ്യക്തമായ ദിശാബോധം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ